File No.LSGD-DC2/29/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പി. എം. എ. വൈ (നഗരം) പദ്ധതിയ്ക്കായി എസ്.സി ഘടകത്തിൽ ഉൾപ്പെടുത്തി കേന്ദ്ര വിഹിതമായി അനുവദിച്ച 6709.30 ലക്ഷം രൂപ 2217-05-789-98 എന്ന ശീർഷകത്തിൽ നിന്നും എസ്.റ്റി ഘടകത്തിൽ ഉൾപെടുത്തി അനുവദിച്ച 404.83 ലക്ഷം രൂപ 2217-05-796-98 എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് - അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.712/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/03/2020

പരാമർശം:- 1 27/09/2018ലെ കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ FN No.N-11012/64/2018-HFA-III-UD(E-9050766) നമ്പർ ഉത്തരവ്

2 15/10/2019ലെ കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ FN No.N-11012/77/2019-HFA-III-UD(E-9072867) നമ്പർ ഉത്തരവ്

3 15/10/2019ലെ കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ FN No.N-11011/24/2019-HFA-III-UD(E-9061228) നമ്പർ ഉത്തരവ്

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18/01/2020 തീയതിയിലെ 2310/എൻ/2015/കെഎസ്എച്ച്ഒ നമ്പർ കത്ത്,

5 സ.ഉ(സാധാ).1503/2020/ധന തീയതി 24/02/2020

**ഉത്തരവ്**

പരാമർശം 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ പ്രകാരം പി . എം . എ . വൈ ( നഗരം )- ലൈഫ് പദ്ധതിയ്ക്കായി . എസ് . സി . ഘടകത്തിൽ ഉൾപെടുത്തി കേന്ദ്ര വിഹിതമായി 6709.30 ലക്ഷം രൂപയും എസ് . റ്റി . ഘടകത്തിൽ ഉൾപെടുത്തി 404.83 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട് . ഇതിനു ആനുപാതികമായ സംസ്ഥാന വിഹിതം എസ് . സി ഘടകത്തിൽ 2236.43 ലക്ഷം രൂപയും എസ് . റ്റി . ഘടകത്തിൽ 134.94 ലക്ഷം രൂപയുമാണ് .

2) 2019-20 സാമ്പത്തിക വർഷത്തിൽ പി . എം . എ . വൈ . ( നഗരം )- ലൈഫ് പദ്ധതിയുടെ കോർപ്പറേഷൻ ഹെഡ് ഓഫ് അക്കൗണ്ടിൽ 14000 ലക്ഷം രൂപയും, മുനിസിപ്പാലിറ്റി അക്കൗണ്ടിൽ 56000 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും എസ് . സി . & എസ് . റ്റി . അക്കൗണ്ട് ഹെഡ്ഡുകളിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും കേന്ദ്ര വിഹിതമായി അനുവദിച്ച തുകയും ആനുപാതിക സംസ്ഥാന വിഹിതവും ലഭ്യമാക്കണമെങ്കിൽ എസ് . സി . & എസ് . റ്റി ശീർഷകങ്ങളിൽ തുക

വകയിരുത്തേണ്ടതായിട്ടുണ്ട് എന്നും ആയതിനാൽ പി . എം . എ . വൈ ( നഗരം)-ലൈഫ് പദ്ധതിയുടെ എസ് . സി . & എസ് . റ്റി . ശീർഷകങ്ങളിലേയ്ക്ക് താഴെപറയും പ്രകാരം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(4) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| ശീർഷകം | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | ആകെ ലഭിക്കേണ്ട തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2217-05-789-98 | 6709.30 | 2236.43 | 8945.73 |
| 2217-05-796-98 | 404.83 | 134.94 | 539.77 |
| Total | 7114.13 | 2371.37 | 9485.50 |

(3) പരാമർശം (5) ഉത്തരവ് പ്രകാരം 2217-05-789-98, 2217-05-796-98 എന്ന ശീർഷകങ്ങളിൽ 71,14,13,000/- രൂപയ്ക്ക് അധിക ധനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(4) മേൽസാഹചര്യത്തിൽ പി. എം. എ. വൈ (നഗരം) പദ്ധതിയ്ക്കായി എസ്.സി ഘടകത്തിൽ ഉൾപ്പെടുത്തി കേന്ദ്ര വിഹിതമായി അനുവദിച്ച 6709.30 ലക്ഷം രൂപ 2217-05-789-98 എന്ന ശീർഷകത്തിൽ നിന്നും എസ്.റ്റി ഘടകത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 404.83 ലക്ഷം രൂപ 2217-05-796-98 എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത തുക re-appropriation മുഖേന ക്രമവൽക്കരിക്കുന്നതിനുള്ള നടപടി നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ധനകാര്യ വകുപ്പ് (Dev-2/40/2020-FIN dated 25/2/2020 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.03.31 14:22:03 IST
Reason: Approved
സെക്ഷൻ ഓഫീസർ